വൈദ്യുതി നിരക്ക് വർദ്ധന

*2 [275] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, ടി. പി. എം. സാഹിർ:

,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ,

(എ) ഇല്ല.

(ബി ആന്റ് സി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ 2004-2005 വർഷത്തേയ്ക്ക് ബോർഡ് സമർപ്പിച്ച വരവുചെലവ് കണക്കുകളിന്മേൽ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ 2004 ഏപ്രിൽ 16-ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ബോർഡിന്റെ റവന്യൂ കമ്മി 296 കോടി രൂപയായി നിർണ്ണയിക്കുകയും അത് നികത്തുന്നതിനായി ബോർഡ് സർക്കാരിന് വൈദ്യുതി ഡ്യൂട്ടിയിനത്തിൽ നൽകാനുള്ള 200 കോടി രൂപ ഒഴിവാക്കുവാനും 96 കോടി രൂപ സബ്സിഡിയായി നൽകുവാനും സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽതന്നെ KSEB-യുടെ റവന്യൂ കമ്മി 296 കോടി രൂപയാണ്, അതിൽ 200 കോടി ഗവൺമെന്റ് write off ചെയ്യണമെന്നും 96 കോടി രൂപ സബ്സിഡിയായി കൊടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു. ഭാരിച്ച ചെലവിൽ വൈദ്യുതി ഉല്പാദിപ്പിച്ച് കുറഞ്ഞ നിരക്കിൽ കൊടുക്കുന്ന സമയത്ത് സ്വാഭാവികമായുമുണ്ടാകുന്ന നഷ്ടമുണ്ട്, ഇത് തുടർന്നുവരികയും ചെയ്യും. അത് ഇന്നല്ലെങ്കിൽ നാളെ കൂട്ടേണ്ടിവരും, അല്ലെങ്കിൽ കൂടുതൽ പ്രതിസന്ധിയിലേയ്ക്കു പോകും. അതിന് ഏക മാർഗ്ഗമെന്നു പറയുന്നത് ഉല്പാദനച്ചെലവു കുറഞ്ഞ വൈദ്യുത പദ്ധതികളാണ്. ഇവിടെ ഒന്നാമത്തെ ചോദ്യത്തിന്റെ വേളയിൽ അത് ചർച്ച ചെയ്യപ്പെട്ടു. 4333 മെഗാവാട്ട് ഉല്പാദനശേഷിക്ക് നമ്മുടെ Hydel Power Project-ന് കപ്പാസിറ്റിയുണ്ട്. പക്ഷേ നമ്മളിതുവരെ ഉപയോഗപ്പെടുത്തിയത് 1843 മെഗാവാട്ടാണെന്ന് ഈ പ്രാവശ്യത്തെ Economic Review-ൽ പറയുകയാണ്. ഈ പ്രോജക്ടുകളുടെ തന്നെ സ്ഥിതിയാണ് ഒന്നാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യത്തിനുള്ള മറുപടിയിലൂടെ ചർച്ച ചെയ്യപ്പെട്ടത്. അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കുന്നത് നമ്മുടെ കയ്യിലുള്ള ഈ വിഭവശേഷി ഉപയോഗിക്കുന്നതിനുവേണ്ടി നമ്മളിന്ന് ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളിൽ നിന്നും വ്യത്യസ്തമായി സ്വകാര്യ സംരംഭകരെക്കൂടി ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനെപ്പറ്റി നയപരമായ ചർച്ച നടന്നിട്ടുണ്ടോ, അക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> ചെറുകിട ജലവൈദ്യുത പദ്ധതികളെല്ലാംതന്നെ സ്വകാര്യ മേഖലയ്ക്ക് കൊടുക്കാനുള്ള നയപരമായ തീരുമാനമെടുക്കുകയും 32 എണ്ണം ടെണ്ടർ വിളിക്കുകയും ഇതെല്ലാം പഠിച്ച് ഇതിന്റെ കണക്കെല്ലാം float ചെയ്യുകയും ചെയ്തു. പക്ഷേ അതിൽ എട്ടെണ്ണമെടുക്കാൻ മാത്രമേ ആളുകൾ മുന്നോട്ടു വന്നിട്ടുള്ളൂ, ബാക്കി കിടക്കുകയാണ്, ബാക്കി വരുന്ന മുറയ്ക്ക് കൊടുക്കാം.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> മേജർ പ്രോജക്ടുകളെപ്പറ്റിയായിരുന്നു ഞാൻ ചോദിച്ചത്, ബഹുമാനപ്പെട്ട മന്ത്രി അടുത്ത ചോദ്യത്തിന് മറുപടി പറയുന്ന സമയത്ത് അത് ശ്രദ്ധിച്ചാൽ മതി. ഞാനുദ്ദേശിച്ചത് നമുക്ക് മേജർ പ്രോജക്ടുകളുടെതന്നെ കപ്പാസിറ്റിയുണ്ടായിട്ടും അത് ഉപയോഗിക്കാൻ കഴിയുന്നില്ല, ആ രംഗത്ത് സ്വകാര്യ സംരംഭകർ വരുമോ എന്നുള്ളതാണ്. രണ്ടാമത്തെ എന്റെ ചോദ്യം ഇന്നലത്തെ Indian Express-ൽ ഒരു വാർത്തയുണ്ടായിരുന്നു, അതായത് ചൈനീസ് പദ്ധതി പ്രകാരം നമ്മൾ തുടങ്ങിവച്ച ചില പദ്ധതികൾക്ക് തകരാർ വരുമ്പോൾ അതിന്റെ എക്സ്പെർട്ട്സ് ചൈനയിൽ നിന്നുംതന്നെ വരണം, ഇതിന്റെ റിപ്പയറിംഗിന് അവരെ കാത്തുനിൽക്കുകയാണ് എന്നാണ്. എന്താണ് അതിന്റെ കണ്ടീഷൻ? ചൈനീസ് മെത്തേഡിൽ ഇവിടെയുണ്ടാക്കിയിട്ടുള്ള മിനി പ്രോജക്ടുകളുടെ റിപ്പയറിംഗിന് ചൈനയിൽ നിന്നുംതന്നെ എക്സ്പെർട്ട്സ് വരണമെന്നാണോ, എന്താണ് അതിന്റെ ധാരണ, പത്രവാർത്തയുടെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> അത് ആരെങ്കിലുമൊക്കെ ഫീഡ് ചെയ്തു കൊടുക്കുന്ന വാർത്തയാണ്. അവരുടെ കരാറനുസരിച്ച് അവർ ഇവിടെവന്ന് ചെയ്യണമെന്നാണ്, അത്യാവശ്യമായി അവരുടെ സർവ്വീസ് ആവശ്യം വന്നാൽ വിളിച്ചാൽ അവർ വരും, പിന്നെ നമ്മുടെ ആളുകളേയുംകൂടെ നിർത്തിയാണ് ഇത് ചെയ്തിട്ടുള്ളത്, അവർക്ക് പഠിക്കണമെന്നുണ്ടെങ്കിൽ ആകാം. ചൈനയിൽ അങ്ങോട്ടയച്ച് ആളുകളെ പഠിപ്പിക്കേണ്ടതാണെങ്കിൽ അത് പരിഗണിക്കാം, അതിന്റെ സാമ്പത്തിക സംവിധാനം നോക്കുമ്പോൾ നമുക്ക് ലാഭകരമാണെങ്കിൽ പരിഗണിക്കാം. 4 ചെറിയ പദ്ധതികൾ മാത്രമേ നമുക്കുള്ളൂ. അപ്പോൾ അതിനുവേണ്ടി അപൂർവ്വമായി ഉണ്ടാകുന്ന അപകടങ്ങളിൽ അവരുടെ സർവ്വീസ് ചോദിച്ചാൽ അവർ ആളിനെ അയയ്ക്കും, ഇവിടെനിന്നും അവിടേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആളെവിട്ട് പഠിപ്പിക്കണമോ എന്നുള്ളത് പരിഗണിക്കേണ്ട കാര്യമാണ്, ഇപ്പോൾ പുതുതായി പത്രവാർത്തയിലൂടെ വന്നിട്ടുള്ള ഒരു വിഷയമാണിത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് എത്രതവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു, ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു, വർദ്ധനവിന്റെ തോത് എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടവൂർ ശിവദാസൻ: അതിന് പ്രത്യേകം നോട്ടീസില്ലാതെ കൃത്യമായ ഉത്തരം പറയാൻ പ്രയാസമാണ്. അന്ന് മൂന്നു തവണയാണോ അതിനു മുകളിലാണോ വൈദ്യുത നിരക്ക് കൂട്ടിയത് എന്നുള്ളത് എനിക്ക് നിശ്ചയമില്ല, മൂന്നു തവണ എന്തായാലും അവർ കൂട്ടിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് തവണ കൂട്ടിയിട്ടുണ്ട്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് KSEB-യെ ആശ്രയിക്കാതെ, Captive Power Generation ഉപയോഗിക്കാതെ മറ്റേതെങ്കിലും ഏജൻസികളിൽനിന്നും വൈദ്യുതി വാങ്ങാനുള്ള അനുവാദമുണ്ടോ? ഇന്ത്യയിൽ മറ്റു പല സംസ്ഥാനങ്ങളിലും സ്വകാര്യ വൈദ്യുതി ഉല്പാദനം നടക്കുന്ന സാഹചര്യത്തിൽ പുറത്തുനിന്നും വൈദ്യുതി വാങ്ങാനുള്ള അനുവാദം നൽകുന്ന കാര്യത്തിൽ ഉദാരമായ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: എഫ്.എ.സി.ടി.യുടെ കാര്യത്തിൽ അങ്ങനെയാണ് ഗവൺമെന്റ് നയം സ്വീകരിച്ചത്. എഫ്.എ.സി.ടി.-ക്ക് പുറത്തുനിന്നും അവർ വാങ്ങിക്കോളാം, peeling charge തന്നുകൊള്ളാമെന്നു അവർ പറഞ്ഞു. ആ കേസ് പുതിയ ആക്ടിന്റെ അടിസ്ഥാനത്തിൽ റഗുലേറ്ററി കമ്മിഷനാണ് തീരുമാനിക്കേണ്ടത്. അങ്ങനെ റഗുലേറ്ററി കമ്മിഷന്റെ മുമ്പിൽ പോയി, അവർ തീരുമാനമൊക്കെ എടുത്തു. പക്ഷേ പിന്നീട് അവരത് വാങ്ങിയില്ല. ഗവൺമെന്റ് അതിന് തടസ്സമൊന്നും നിന്നില്ല. വാങ്ങണമെങ്കിൽ അതിന് നിയമപരമായ പ്രൊവിഷനുണ്ട്, നിയമപരമായ വിധത്തിൽ അത് ചെയ്യാവുന്നതാണ്.

ശ്രീ. ടി. പി. എം. സാഹിർ: വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുകയില്ലെന്ന് ഉത്തരം നൽകിയത് സ്വാഗതാർഹം തന്നെയാണ്. പക്ഷേ ബി, സി-യും ചോദ്യങ്ങൾക്ക് ഉത്തരം നൽകിയതിൽ കുറെ നഷ്ടത്തിന്റെ കണക്കുകൾ പറയുന്നുണ്ട്. ഈ നഷ്ടക്കണക്കുകൾ നികത്താൻ ഗവൺമെന്റിൽ നിന്നും ചോദിച്ച സംഖ്യ കിട്ടിയില്ല, അതുകൊണ്ട് ബോർഡ് പിന്നേയും വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിക്കുമെന്നുള്ള സൂചന ഇതിലുണ്ട്. ഞാൻ ചോദിച്ചു വരുന്നത് അടുത്തിടെ പ്രസരണ നഷ്ടത്തിന്റെ ഭാഗമായി ഇലക്ട്രോണിക് മീറ്റർ

LIBRARY ARCHIVES Kerala Legislative Assembly

ഘടിപ്പിച്ചപ്പോൾ ഉപഭോക്താക്കളിൽ നിന്നും വൻതുക ബോർഡിന് ലഭിച്ചിട്ടുണ്ട്. കോഴിക്കോട് ഡിവിഷനിൽ നിന്നും ഈ നിരക്ക് വർദ്ധനവുമൂലം 100 കോടിയിലധികം രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട്. അങ്ങനെ ഒരു സ്റ്റേറ്റിന്റെ കണക്ക് എടുക്കുകയാണെങ്കിൽ ഏകദേശം ഇന്ന് ഇലക്ട്രിസിറ്റി ബോർഡ് ലാഭത്തിലായിട്ടുണ്ടാകും. അതുകൊണ്ട് അടുത്ത രണ്ടുവർഷത്തേയ്ക്ക് നിരക്കു വർദ്ധനവുണ്ടാവുകയില്ലെന്ന് ഉറപ്പുനൽകാമോ?

ശ്രീ. കടവൂർ ശിവദാസൻ: ഈ ഗവൺമെന്റിന് ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള ഉദ്ദേശമില്ല, പിന്നെ ലാഭനഷ്ടത്തെ സംബന്ധിച്ച് ആയിരത്തിൽ ചിലാനം കോടി രൂപയുടെ കമ്മിയുണ്ടായിരുന്ന ഒരു ബോർഡാണ്. അത് ആരുടേയും കുറ്റംകൊണ്ടല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 32-33 ശതമാനം ആയിരുന്നു പ്രസരണ നഷ്ടമെന്നു പറഞ്ഞാൽ അന്നിരുന്ന ഗവൺമെന്റും ബോർഡുമെല്ലാം അതിനെപ്പറ്റി പഠിച്ചിട്ടാണ് ഇവിടെ പറഞ്ഞത്. ഇലക്ട്രോണിക് മീറ്ററുകൾ ഇതിന്റെ അളവ് സൂക്ഷ്മമായി രേഖപ്പെടുത്തുന്നില്ല എന്നുള്ളതാണ് ഇതിന്റെ ഒരു പ്രധാന കാരണം, വേറെ പല കാരണങ്ങളുമുണ്ട്. അതുകൊണ്ട് ഇലക്ട്രോണിക് മീറ്ററുകൾ മാറ്റിവയ്ക്കാൻ തീരുമാനിച്ചു. ഞങ്ങൾക്ക് അധികമൊന്നും കിട്ടുന്നില്ല, 100 രൂപയുടെ കറന്റ് വാങ്ങുമ്പോൾ 70 രൂപപോലും കിട്ടുന്നില്ല 67 രൂപ കിട്ടിയാൽ എങ്ങനെയാണ് ഇത് കൊണ്ടുപോകുന്നത്, ആറ്റിൽ കളഞ്ഞാലും അളന്നു കളയണമെന്നാണ്, അത് അളന്നപ്പോൾ ഇങ്ങനെ വരുന്നു. ഇതിൽ വലിയ ആക്ഷേപമുണ്ടെന്നുള്ള കാര്യം ഞാൻ പറഞ്ഞല്ലോ, അതിനെപ്പറ്റി പരിശോധിച്ചു, വളരെക്കുറച്ച് പരാതിയെയുള്ളൂ, percentage of complaints കുറവാണ്. അതൊക്കെ മാറ്റിയും കൊടുക്കുന്നുണ്ട്. അതിലൊന്നും അവിഹിതമില്ല, ഞങ്ങൾ വാങ്ങുന്നതിന് വില കിട്ടുന്നു എന്നുള്ളതല്ലാതെ, അതുതന്നെ 4 രൂപയാണ് ഞങ്ങൾ കൊടുക്കുന്നതെങ്കിൽ അത്രയും cost തിരിച്ചുകിട്ടുന്നില്ല, മൂന്നുരൂപ ചില്വറ പൈസ മാത്രമേ കിട്ടുന്നുള്ളൂ, അവിടെയാണ് ഈ നഷ്ടം വരുന്നത്. രണ്ടാമത് മുഴുവൻ നമുക്ക് കൊടുക്കാൻ കഴിയുന്നില്ല, ഇതൊക്കെയാണ് നഗ്നമായ കാര്യങ്ങൾ, അത് ആരുടേയും കുറ്റംകൊണ്ടല്ല, അതിങ്ങനെ പോവുകയാണ്. എന്നിട്ട് ഉടനെതന്നെ charge വർദ്ധിപ്പിച്ച് ഈ നഷ്ടം നികത്തണമെന്നുമില്ല. കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഇത് പരിഹരിക്കുക എന്നുള്ളതാണ്. അതിനിടയിലാണ് കഴിഞ്ഞകൊല്ലം മഴയില്ലാത്തതുകൊണ്ട് 700 കോടിരൂപയും അതിനുമുമ്പുള്ള കൊല്ലം 500 കോടി രൂപയും ബോർഡിന് നഷ്ടം വന്നത്. ഈ 700 കോടിയും 500 കോടിയും രൂപയൊക്കെ drought മൂലം നഷ്ടപ്പെട്ടില്ലായിരുന്നുവെങ്കിൽ ലാഭനഷ്ടമില്ലാത്ത ഒരു സ്ഥിതിയാകുമായിരുന്നു. ഏതായാലും വില വർദ്ധിപ്പിക്കുക, charge വർദ്ധിപ്പിക്കുക എന്നുള്ള സൂചനയേ ഇതിലില്ല, ബോർഡിന്റെ efficient ആയ പ്രവർത്തനംകൊണ്ട് ഇത് കിട്ടുമെന്നുള്ളതാണ്. ഞങ്ങളുടെ efficiency-ക്ക് reward ആയി 300 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

APDRP (Accelerated Power Development and Reforms Programme) തരണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്, അവർ ഏറെക്കുറെ അംഗീകരിച്ചിട്ടുണ്ട്, 80 കോടിയോളം രൂപ തരാമെന്ന് പറഞ്ഞിട്ടുണ്ട്. ആരെന്തുപറഞ്ഞാലും APDRP-യും കേന്ദ്ര ഗവൺമെന്റും ഞങ്ങൾക്കു നൽകുന്ന അംഗീകാരമാണ് ഈ ബോർഡിന്റെ efficiency-യുടെ മുഖമുദ്ര. അത് വരുമ്പോൾ നിയമസഭയിൽ കൊണ്ടുവരാം.

ശ്രീ. ടി. പി. എം. സാഹിർ: ഈ ഹൈഡൽ പ്രോജക്ടുകളുടെ എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിന് പമ്പയിലൊക്കെ ഒരുപാട് പരിശ്രമങ്ങൾ നടന്നെങ്കിലും അതൊന്നും വിജയകരമായി തീർന്നിട്ടില്ല. അതുപോലെതന്നെയാണ് ചെലവ് ചുരുക്കലിന്റെ കാര്യവും. ഒരു വലിയ വിഭാഗത്തോളം ഉദ്യോഗസ്ഥൻമാർ നമ്മുടെ നാട്ടിലുണ്ട്. അതുകൊണ്ട് പ്രസരണ നഷ്ടത്തേക്കാൾ ഈ ചെലവ് ചുരുക്കലിന്റെ കാര്യം അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: വൈദ്യുതി ബോർഡ് ചെലവ് ചുരുക്കിയിട്ടുണ്ട്. പക്ഷെ അങ്ങനെ ചെയ്യാൻ പറ്റുമോ? ഇപ്പോൾ തൊഴിലാളി രംഗത്ത് യൂണിയനുകളൊക്കെയുണ്ട്. കേരളത്തിന്റെ ഒരു പ്രത്യേക സ്വഭാവമനുസരിച്ച് അതെല്ലാം മീറ്റ് ചെയ്യേണ്ടതാണ്. ഒരു കാര്യവും തൊഴിലാളികൾക്ക് കൊടുത്തില്ലെങ്കിലും ഒരു പത്തു ശതമാനം വച്ച് ലേബർ കോസ്റ്റ് കൂടിക്കൊണ്ടിരിക്കും. അത് കൂടുതലും പെൻഷനിലാണ്. ഇതൊക്കെ ഇവിടത്തെ നിയമവ്യവസ്ഥയുടെ ഭാഗമാണ്. സുപ്രീംകോടതിയുടെ റൂളിംഗ് അനുസരിച്ചും പെൻഷൻ കൂടിക്കൊണ്ടിരിക്കും. അപ്പോൾ നമ്മൾ ഒന്നും കൊടുക്കാതെതന്നെ ലേബർ കോസ്റ്റ് കൂടും. ഇപ്പോൾ ഇടയ്ക്കിടയ്ക്ക് ഡി.എ.യും കൊടുക്കണം. ഇനിയും കൊടുക്കേണ്ടിവരും. അങ്ങനെയുള്ള സാഹചര്യങ്ങളിലല്ലാതെ അനാവശ്യമായ ഒരു ചെലവും ബോർഡ് ചെയ്യില്ല.

ശ്രീ. സി. മോയിൻ കുട്ടി: താരതമ്യേന ചെലവു കുറഞ്ഞ പദ്ധതികളാണ് ഹൈഡൽ പ്രോജക്ടുകൾ. ഒട്ടേറെ അനന്തമായ സാദ്ധ്യതകളുള്ള മലയോരകുടിയേറ്റ മേഖലയാണ് തിരുവമ്പാടി. അങ്ങയുടെ പരിഗണനയിൽ എന്റെ മണ്ഡലത്തിലുള്ള ഒരുപാട് പദ്ധതികളുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അതുസംബന്ധിച്ചുള്ള സർവ്വേ ഏതുവരെയായി, സമയപരിധിക്കുള്ളിൽ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇപ്പോൾ സർവ്വേ നടന്നുകൊണ്ടിരിക്കുന്നതിന്റെ ലിസ്റ്റ് ഞാൻ വായിച്ചു. അതിൽ അങ്ങയുടെ മണ്ഡലത്തിൽ നിന്ന് എന്തെങ്കിലും പുതുതായി ഉൾപ്പെടുത്താൻ ഉണ്ടെങ്കിൽ അതുകൂടി ഉൾപ്പെടുത്തി സർവ്വേ ആരംഭിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻ കുട്ടി: ഒരു കർഷകനെന്നുള്ള നിലയിൽ കേരളത്തിലെ കർഷകർ നേരിടുന്ന പ്രതിസന്ധിയും ആത്മഹത്യയുമെല്ലാം അങ്ങേയ്ക്ക് അറിയാവുന്നതാണ്. അത് പരിഗണിച്ചുകൊണ്ട് ഇന്ന് നിലവിലുള്ള ആനുകൂല്യങ്ങൾ, ഇലക്ട്രിസിറ്റി ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പോരായ്മകളുണ്ട്. അതുകൊണ്ട് ആന്ധ്ര ഗവൺമെന്റിനെ മാതൃകയാക്കിക്കൊണ്ട് ഈ രംഗത്ത് കുറെക്കൂടി താൽപര്യമെടുത്തുകൊണ്ട് ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് കർഷകർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇലക്ട്രിസിറ്റി ആക്ട് 2003-ന്റെ വ്യവസ്ഥ അനുസരിച്ച് ഇത്തരം സബ്സിഡിയുടെ കാര്യങ്ങളെല്ലാം ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

ശ്രീ. വി.കെ.സി. മമ്മത് കോയ: ഇപ്പോൾ കൃഷിക്കാർ എല്ലാനിലയിലും ബുദ്ധിമുട്ടനുഭവിക്കുകയും ആത്മഹത്യചെയ്യുകയും ചെയ്യുന്ന കാലഘട്ടമാണ്. കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി കൊടുത്തുകൊണ്ടിരുന്നത് ഇപ്പോൾ പലയിടത്തും വിച്ഛേദിച്ചിരിക്കുകയാണ്. ഇങ്ങനെ വിച്ഛേദിക്കാൻ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചതാണോ അതോ കൃഷി വകുപ്പ് പണം അടയ്ക്കാത്തതുകൊണ്ടാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കടവൂർ ശിവദാസൻ: കൃഷിക്കാർക്ക് പ്രതികൂലമായ ഒരു തീരുമാനവും ബോർഡ് എടുത്തിട്ടില്ല. അതിന്റെ ഇംപ്ലിമെന്റേഷന് കൃഷിവകുപ്പ് പണം അടയ്ക്കേണ്ടതാണ്. അങ്ങനെ അടയ്ക്കാതിരുന്നിട്ടുണ്ടെങ്കിൽ പ്രത്യേകിച്ച് നോക്കാം. ഇങ്ങനെ വരുന്ന പരിതസ്ഥിതിയിൽ സ്റ്റേയെല്ലാം കൊടുത്ത് കൃഷിക്കാരെ ബോർഡ് സഹായിക്കാറുണ്ട്.

ശ്രീ. കെ. മോഹൻകുമാർ: ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചതോടുകൂടി നിരക്കു വർദ്ധനവ് നിലവിൽ വന്നതായിട്ടാണ് എന്നെപ്പോലുള്ള ഉപഭോക്താക്കൾക്ക് തോന്നുന്നത്. പക്ഷെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുമില്ല. തിരുവനന്തപുരം നഗരത്തിലെ വൈദ്യുതി നില മെച്ചപ്പെടുന്നതിന്റെ ഭാഗമായിട്ട് അണ്ടർഗ്രൗണ്ട് കേബിളുകൾ പെട്ടെന്ന് പൂർത്തിയാക്കാനും, കൂടുതൽ ട്രാൻസ്ഫോർമറുകൾ ഉടൻതന്നെ സ്ഥാപിക്കാനും, നിയമസഭയുടെ പരിസരത്തേയും വട്ടിയൂർക്കാവിലെയും 110 കെ.വി സബ്സ്റ്റേഷനുകൾ ഉടൻതന്നെ ചാർജ്ജ് ചെയ്യാനും നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: നല്ല വോൾട്ടേജ് സംസ്ഥാനത്ത് മുഴുവൻ എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയെപ്പറ്റി ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഒരു കൊല്ലത്തിനുള്ളിൽ മിക്കവാറും എല്ലാ സ്ഥലത്തും വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീം നടപ്പാക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: റവന്യൂ കമ്മി 296 കോടി രൂപയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. വൈദ്യുതി ബോർഡിന്റെ വളരെ വർഷക്കാലത്തെ സാമ്പത്തിക നില പരിശോധിച്ചുകഴിഞ്ഞാൽ ഇത്തരം കമ്മി വരുന്നത് അവിടത്തെ ധൂർത്തും പിടിപ്പുകേടുംമൂലമാണെന്ന് കാണാൻ കഴിയും. ഈ റവന്യൂ കമ്മി നികത്തുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: 296 കോടി രൂപയെന്നു പറയുന്നത് റെഗുലേറ്ററി കമ്മീഷന്റെ കണക്കാണ്. യഥാർത്ഥ കമ്മി അതിലും കൂടുതലുണ്ട്. അവർ അംഗീകരിച്ചിരിക്കുന്ന റെഗുലേറ്ററി സിസ്റ്റമനുസരിച്ചാണ് ഇത്രയും തുക. ഇലക്ട്രിസിറ്റി ബോർഡ് ചെലവ് ചുരുക്കിയിട്ടുണ്ട്. ചെലവ് ചുരുക്കേണ്ടതായിട്ടുള്ള ഐറ്റംസുണ്ടെങ്കിൽ ഇനിയും ചെലവ് ചുരുക്കാം.

ശ്രീ. ഷിബു ബേബിജോൺ: ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുന്നതിന്റെ ആവശ്യകത മിനിസ്റ്റർ പറയുകയുണ്ടായി. അത് സ്വാഗതാർഹമാണ്. അതോടൊപ്പം കൺസ്യൂമർ സ്വന്തം കാശുമുടക്കി മീറ്റർ വാങ്ങി വച്ചാലും, ബോർഡിന്റെ ആവശ്യത്തിന് അത് മാറ്റുന്നതിനും കൺസ്യൂമർ വാടക കൊടുക്കേണ്ട ഒരു സ്ഥിതിയാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു മീറ്ററിന് ആയിരം രൂപവരെയുണ്ടായിരുന്നു. ഇപ്പോൾ ഇരുന്നൂറിൽ ചിലാനം രൂപയേയുള്ളുവെന്നാണ് മന്ത്രി പറഞ്ഞത്. അപ്പോൾ പാവപ്പെട്ട ആളുടെ കയ്യിൽ നിന്നും എല്ലാ മാസവും പത്തു രൂപവച്ച് വാങ്ങുന്ന മീറ്റർ വാടക ഉപേക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഇതുമായി ബന്ധപ്പെട്ട ഒരു ചോദ്യമല്ല. ബോർഡിന്റെ കമ്മിയൊക്കെ കണക്കുകൂട്ടിയിട്ടുണ്ടല്ലോ. അതൊക്കെ വരുമാന വ്യവസ്ഥകളിൽ വരുന്നോയെന്നാണ്. കമ്മി ഇനിയും കൂട്ടണമെന്ന് അഭിപ്രായ മുണ്ടെങ്കിൽ കൂട്ടാം. 267 എന്നുള്ളത് 367 ആകും അത്രതന്നെ. ഓരോരോ ഐറ്റത്തിനുമല്ലല്ലോ പൊതുമേഖലയും കൺസ്യൂമറുമായിട്ട് വിലപേശുന്നത്.

ശ്രീ. എം.വി. ജയരാജൻ: വൈദ്യുതി ബോർഡ് 2003 ഫെബ്രുവരി മാസം താരിഫ് റെഗുലേറ്ററി കമ്മീഷനു മുൻപാകെ സമർപ്പിച്ച വിവിധ വിഷയങ്ങളെ സമഗ്രമായി പ്രതിപാദിക്കുന്ന രേഖയുണ്ട്. ആ രേഖയിൽ 2001-2002-ൽ സബ്സിഡി റിക്വയർമെന്റ് എന്നുപറയുന്നത് 1316 കോടിരൂപയുണ്ട്. 2002-03-ൽ 1015 കോടി രൂപയുണ്ട്. 96 കോടി രൂപയാണ് ഗവൺമെന്റ് തന്നത്. യഥാർത്ഥത്തിൽ ഇത്രയും വലിയ, ഗവൺമെന്റ് നൽകേണ്ടുന്ന സബ്സിഡി തുക നൽകാതിരുന്നാൽ ഫലത്തിൽ താരിഫ് വർദ്ധിപ്പിക്കുകയല്ലാതെ മറ്റെന്താണ് മാർഗ്ഗമുള്ളത്. ഗവൺമെന്റ് സബ്സിഡി തരുന്നില്ലെങ്കിൽ താരിഫ് വർദ്ധനവിന് നിർബന്ധിക്ക പ്പെടുമെന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കുമെന്ന് പറയുവാൻ കഴിയുമോ?

ശ്രീ. കടവൂർ ശിവദാസൻ: ചാർജ്ജ് കൂട്ടാനുള്ളതാണെങ്കിൽ ആ നിർദ്ദേശവും പരിഗണിക്കാം.

ശ്രീ. കെ.സി. വേണുഗോപാൽ: വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കില്ലെന്ന് അങ്ങ് പറഞ്ഞത് സ്വാഗതാർഹമാണ്. ഇലക്ട്രോണിക് മീറ്ററുകളുടെ പരാതികളെക്കുറിച്ച് അങ്ങ് പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ പത്ത്, നാൽപ്പത് ലക്ഷം രൂപ വിലവരുന്ന കെട്ടിടം പൂർണ്ണമായി കത്തി നശിച്ചു. ഇലക്ട്രോണിക് മീറ്ററിൽ നിന്നുണ്ടായ വിദ്യുച്ഛക്തി ചാർജ്ജാണ് അത് കത്തിനശിക്കാൻ കാരണമായി പറയുന്നത്. ഇത് എല്ലാ പത്രങ്ങളിലും വാർത്ത വന്നിരുന്നു. ആ സംഭവത്തെക്കുറിച്ച് അന്വേഷിക്കാനും അതിൻമേൽ പരിഹാരം കാണാനും ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: അന്വേഷിക്കാം. ബോർഡിന് ഇതിൽ ഉത്തരവാദിത്വമുണ്ടെങ്കിൽ ഇതിന്റെ നഷ്ടപരിഹാരം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിക്കില്ലെന്ന് മന്ത്രി പറഞ്ഞു. ഇരുപത്തിയേഴ് ലക്ഷത്തിനുമേൽ മീറ്ററുകൾ വച്ചപ്പോൾ 230 കോടി രൂപയാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. അപ്പോൾ മൊത്തം മീറ്ററുകൾ വച്ചുകഴിയുമ്പോൾ ആയിരം കോടി രൂപ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അഞ്ചിരട്ടിയും ആറിരട്ടിയും ഓടുന്ന ഇലക്ട്രോണിക് മീറ്റർ വച്ചിട്ടാണ് ഇത് വാങ്ങുന്നത്. അപ്പോൾ അങ്ങനെയൊരു പകൽക്കൊള്ള നടത്തുമ്പോൾ സ്വാഭാവികമായും ചാർജ്ജ് വർദ്ധിപ്പിക്കേണ്ട ആവശ്യം വരുന്നില്ല. എന്റെ ചോദ്യം ചെറുകിട വൈദ്യുത പദ്ധതികളിലൂടെ കൂടുതൽ കറന്റ് ഉൽപ്പാദിപ്പിച്ചാൽ മാത്രമേ ചാർജ്ജ് കുറയ്ക്കാൻ കഴിയുകയുള്ളു. ഇപ്പോൾ മഴക്കാലത്ത് ആറേഴ് മാസക്കാലം വെള്ളം ലഭിക്കുന്ന സാഹചര്യമുണ്ട്. അത്തരം ചെറിയ ചെറിയ പദ്ധതികൾ ആറുമാസക്കാലത്തേയ്ക്ക് തുടങ്ങാനും വൻകിട പദ്ധതികളുടെ സ്റ്റോറേജ് ആ കാലഘട്ടത്തിൽ വയ്ക്കത്തക്ക നിലയിലുള്ള ഒരു പദ്ധതിയെക്കുറിച്ച് പഠനം നടത്താനും മന്ത്രി തയ്യാറാകുമോ?

ശ്രീ. കടവൂർ ശിവദാസൻ: ചെറുകിട ജലവൈദ്യുത പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ് അതിന്റെ പോളിസി. അത് ആറുമാസത്തേയ്ക്കേ പറ്റുകയുള്ളു. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അതോടൊപ്പം ഇലക്ട്രോണിക് മീറ്ററുകളെക്കുറിച്ച് പറഞ്ഞത് ശരിയല്ല. മലയാള മനോരമ പത്രം നടത്തിയ സർവ്വേയിൽപ്പോലും ഒന്നേമുക്കാൽ, രണ്ട്, രണ്ടേകാൽ, രണ്ടര എന്ന തോതിലേ വരുന്നുള്ളു. ഒരു കമ്പനിയിൽനിന്ന് വാങ്ങിച്ചതിലാണ് ഡിഫെക്റ്റുണ്ടായത്. ആ കമ്പനിയിൽ നിന്നാണെങ്കിൽ 4,000 മീറ്ററേ വാങ്ങിയിട്ടുള്ളു. പക്ഷെ കുട്ടയോട്ടമാണെന്നു പറഞ്ഞത് ശരിയല്ല. ഇതിനകത്ത് slight difference ആണ്. That is permissible. ഒരു ശതമാനത്തിന്റെ ഡിഫക്റ്റ്സിനപ്പുറമുള്ള എല്ലാ മീറ്ററുകളും മാറ്റിക്കൊടുക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly